# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5589 02.07.2014-ൽ മറുപടിക്ക്

## <u>പി.എച്ച്.സി.കളിലെ തസ്തികകളും പ്രവർത്തനസമയവും</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഹംസ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പി.എച്ച്.സി-കളിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ പി.എച്ച്.സികളിൽ നിലവിൽ 24X7 പി.എച്ച്.സി-യിൽ മൂന്ന് ഡോക്ടർമാർ വീതവും, മറ്റു പി.എച്ച്.സികളിൽ ഒരു ഡോക്ടർ വീതവും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 1238 ഡോക്ടർമാരാണ് പി.എച്ച്.സി-കളിൽ അനുവദിച്ചിട്ടുള്ളത്. |
| (ബി) സംസ്ഥാനത്തെ പി.എച്ച്.സി.-കളിൽ നഴ്സുമാരുടെയും, മറ്റ് പാരാമെഡിക്കൽ സ്റ്റാഫംഗങ്ങളുടെയും എത്ര തസ്തികകൾ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) സാധാരണ പി.എച്ച്.സി-കളിൽ സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ ഒരു തസ്തിക വീതവും ബ്ലോക്ക് പി.എച്ച്.സി-കളിൽ സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നിവ കൂടാതെ ലാബ് ടെക്നീഷ്യൻ, ഒപ്റ്റോമെട്രിസ്റ്റ് എന്നിവയുടെ ഓരോ തസ്തിക വീതവും അനുവദിച്ചിട്ടുണ്ട്. |
| (സി) നിലവിൽ പി.എച്ച്.സി.കൾ എത്ര സമയം പ്രവർത്തിക്കുവാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്; | (സി) നിലവിലെ സർക്കാർ ഉത്തരവ് അനുസരിച്ച് പി.എച്ച്.സി-കൾ രാവിലെ 9 മണി മുതൽ 1 മണിവരെയും ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ 3 മണിവരെയുമാണ് പ്രവർത്തിക്കേണ്ടത്. |
| (ഡി) പി.എച്ച്.സികളുടെ പ്രവർത്തന സമയം 24 മണിക്കൂറായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്ന് പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ; | (ഡി) ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും നിലവിലുള്ള തസ്തികകളും ഡോക്ടർമാരുടെ ലഭ്യതയും കണക്കിലെടുക്കുമ്പോൾ ഈ ആവശ്യം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല. |

(ഇ) പി.എച്ച്.സികളിൽ മുഴുവൻ സമയ ഡോക്ടർമാരെ നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(ഇ) കിടത്തി ചികിത്സ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തന ലക്ഷ്യമല്ല. രോഗ പ്രതിരോധ പ്രവർത്തനങ്ങളും സംസ്ഥാന / ദേശീയ ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളുമാണ്, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നത്. ആയതിനായി പ്രഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറുടെ തസ്തികയാണ് അനുവദനീയമായിട്ടുള്ളത്.

സെക്ഷൻ ഓഫീസർ